**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1107** **24-02-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന യുവജന കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന യുവജന കമ്മീഷന്റെ ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന യുവജന കമ്മീഷന്റെ ചുമതലകൾ ചുവടെ ചേർക്കുന്നു:- 1. യുവാക്കളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി ഭരണഘടനയിലോ മറ്റേതെങ്കിലും നിയമത്തിൻ കീഴിലോ സർക്കാർ ഉത്തരവിൻ കീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ചൂഷണത്തിനെതിരെയും മറ്റു തരത്തിലും ഉള്ള വിവിധ സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തനരീതിയും നടത്തിപ്പും അന്വേഷിക്കുകയും പരിശോധിക്കുകയും പരിഹാര നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക. 2. യുവാക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന സാമൂഹ്യ വിപത്തുകളായ മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ, നിരോധിക്കപ്പെട്ട മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗവും സൈബർ കുറ്റകൃത്യങ്ങളും തടയുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും, ഏത് തൊഴിലും അന്തസ്സായി ചെയ്ത് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുള്ള അറിവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, അത്തരം കാര്യങ്ങളിൽ സർക്കാരിന് ആവശ്യമായ ശിപാർശകൾ നൽകുകയും ചെയ്യുക. 3. യുവാക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും വേണ്ടി സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുക. 4. പൂർണ്ണമായ ശാക്തീകരണവും മികവും നേടുന്നതിന് വേണ്ടി യുവാക്കളുടെ കഴിവ് വികസിപ്പിക്കുകയും നേർവഴിക്ക് നയിക്കുകയും ചെയ്യുക. 5. യുവാക്കൾക്ക് തൊഴിൽ അവസരങ്ങൾ തേടുന്നതിനുള്ള മെച്ചപ്പെട്ട വഴികൾ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി പ്രോത്സാഹനപരവും വിദ്യാഭ്യാസപരവുമായ ഗവേഷണങ്ങൾ ഏറ്റെടുക്കുക . 6.യുവാക്കളുടെ, പ്രത്യേകിച്ചും ദുർബല വിഭാഗത്തിലും ഗോത്രവർഗ്ഗ വിഭാഗത്തിലും പെടുന്നവരുടെ സാമൂഹിക– സാമ്പത്തിക വികസനത്തിന്റെ ആസൂത്രണ |

| | | | |
|---|---|---|---|
| | | | നടപടികളിൽ സർക്കാരിനെ ഉപദേശിക്കുക. 7.യുവാക്കളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചു കൊണ്ട് ഉന്നത നിലവാരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങളിൽ അവരുടെ സാധ്യതകളും കഴിവുകളും കണ്ടെത്തുക . 8. അസംഘടിത മേഖലയിൽ യുവാക്കൾ നേരിടുന്ന തൊഴിൽപരമായ ദുരിതങ്ങൾ ശ്രദ്ധിച്ച് റിപ്പോർട്ട് ചെയ്യുക . 9.യുവാക്കളുടെ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതായി പറയുന്ന പരാതികളിൻമേലും, പ്രഥമദൃഷ്ട്യാ ബോധ്യമാകുന്ന പ്രശ്നങ്ങളിൻമേൽ സ്വമേധയായും അന്വേഷണം നടത്തുകയും, അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരികയും നടപടികൾക്ക് ശിപാർശ ചെയ്യുകയും ചെയ്യുക . 10.പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യബോധം, സാമൂഹിക ബോധം, നിയമസാക്ഷരത തുടങ്ങിയവ വളർത്തിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക . 11.അതത് സമയം കമ്മീഷന്റെ പരിഗണനയ്ക്ക് അയയ്ക്കുന്ന മറ്റു വിഷയങ്ങളിൽ സർക്കാരിനെ ഉപദേശിക്കുക. |
| (ബി) | സമീപകാലത്തായി സ്ത്രീപീഡനങ്ങളും സ്ത്രീധന പീഡനങ്ങളും ഗാർഹിക പീഡനങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ യുവജന കമ്മീഷൻ നടത്തിയിട്ടുള്ള ഇടപെടലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | സമീപകാലത്ത് സ്ത്രീപീഡനങ്ങളിലും സ്ത്രീധന പീഡനങ്ങളിലും ഗാർഹിക പീഡനങ്ങളിലും ഇരയാക്കപ്പെട്ട വ്യക്തികളുടെ കുടുംബാംഗങ്ങളെ ചെയർപേഴ്സൺ, കമ്മീഷൻ അംഗങ്ങൾ എന്നിവർ സന്ദർശിക്കുകയും ആവശ്യമായ നിയമ സഹായവും ധാർമ്മിക പിന്തുണയും നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഈ വിഷയത്തിൽ പോലീസ് അധികൃതരുമായി ബന്ധപ്പെട്ട് നിയമ നടപടികൾ ത്വരിതപ്പെടുത്തുവാനും നടപടികൾ സ്വീകരിക്കുകയുണ്ടായി. സ്ത്രീപീഡനങ്ങളും സ്ത്രീധന പീഡനങ്ങളും ഗാർഹിക പീഡനങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ടി വിഷയത്തിൽ കമ്മീഷനിൽ ലഭിച്ച പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 04-10-2021 ന് എറണാകുളം ജില്ലാ പഞ്ചായത്ത് ഹാളിൽ വച്ച് മെഗാ അദാലത്ത് സംഘടിപ്പിക്കുകയുണ്ടായി. കേരള സംസ്ഥാന യുവജന കമ്മീഷൻ, വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ ഇരിങ്ങാലക്കുട ഗവ. ഹോസ്പിറ്റലിൽ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന അതിക്രമം തടയുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഗവൺമെന്റ് സ്ഥാപനമായ സഖി വൺ സ്റ്റോപ്പ് സെന്റർ എന്ന സ്ഥാപനവുമായി സഹകരിച്ചുകൊണ്ട് സ്ത്രീകൾക്ക് എതിരെ ഉള്ള അതിക്രമം തടയുക എന്ന ലക്ഷ്യത്തോടെ |

| | | | |
|---|---|---|---|
| | | | “International Day for Elimination of all Kind of Violence Against Women” ന്റെ ഭാഗമായി 2021 നവംബർ 25 മുതൽ ഡിസംബർ 10 വരെ വിവിധ പരിപാടികൾ തൃശ്ശൂർ ജില്ലയിലെ നെടുപുഴ ഗവ. വിമൻസ് പോളിടെക്നിക് കോളേജിൽ വെച്ച് വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചു സംഘടിപ്പിച്ചു. കേരള സംസ്ഥാന യുവജന കമ്മീഷനും മാർ ഗ്രിഗോറിയസ് കോളേജ് ഓഫ് ലോ യും സംയുക്തമായി "Reproductive Choice of Women : A Fundamental Right” എന്ന വിഷയത്തിൽ കോൺഫറൻസ് സംഘടിപ്പിച്ചു. സ്കൂൾ/കോളേജ് കരിക്കുലത്തിൽ ജെൻഡർ എഡ്യുക്കേഷൻ ഉൾപ്പെടുത്തണമെന്ന ശിപാർശ ഉന്നതവിദ്യാഭ്യാസ വകുപ്പിനും പൊതുവിദ്യാഭ്യാസ വകുപ്പിനും യുവജന കമ്മീഷൻ നൽകിയിട്ടുണ്ട്. |
| (സി) | ഇക്കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക സാമ്പത്തികവർഷം അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ഇതിൽ ഓരോ വർഷവും കമ്മീഷൻ ചെലവഴിച്ച തുക എത്രവീതം ആണെന്നും ശമ്പളം മറ്റു പദ്ധതികൾ തുടങ്ങി ഓരോ ഇനത്തിനുമായി പ്രതിവർഷം ചെലവഴിച്ച തുകയുടെ കണക്കും ഇനം തിരിച്ച് ലഭ്യമാക്കുമോ; | (സി) | ഇക്കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | ഗാർഹിക പീഡനങ്ങൾ, സ്ത്രീധന പീഡനങ്ങൾ, സ്ത്രീപീഡനങ്ങൾ തുടങ്ങിയവയ്ക്കെതിരെ യുവതീയുവാക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കമ്മീഷൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഗാർഹിക പീഡനങ്ങൾ, സ്ത്രീധന പീഡനങ്ങൾ, സ്ത്രീപീഡനങ്ങൾ തുടങ്ങിയവയ്ക്കെതിരെ യുവതീയുവാക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവത്കരണം, നിയമ സഹായം, കൗൺസിലിംഗ് എന്നിവ നൽകുന്നതിന് 2022-23 സാമ്പത്തിക വർഷത്തേക്ക് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം – 1

2016-17 മുതൽ 2020-21 വരെ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ

| സാമ്പത്തിക വർഷം | പദ്ധതി 2204-00-103-68-36 (P) | | | |
|---|---|---|---|---|
| | ബജറ്റ് വിഹിതം (രൂപ) | റിലീസ് ചെയ്ത് നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ശതമാനം |
| 2016-17 | 1,00,00,000 | 46,00,000 | 46,00,000 | 100% |
| 2017-18 | 1,10,00,000 | 90,00,000 | 70,96,000 | 78.8% |
| 2018-19 | 1,30,00,000 | 50,00,000 | 69,03,030 (50,00,000 + മുൻവർഷം അനുവദിച്ചതിൽ ബാക്കിയുള്ള 19,03,030) | 100% |
| 2019-20 | 1,00,00,000 | 72,95,000 | 72,95,000 | 100% |
| 2020-21 | 84,00,000 | 63,00,000 | 61,82,000 | 98.12% |

# അനുബന്ധം – 2

2016-17 മുതൽ 2020-21 വരെ സാലറി, നോൺ സാലറി ഇനങ്ങളിൽ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ

| സാമ്പത്തിക വർഷം | ശമ്പളം | | | ശമ്പളേതരം | | |
|---|---|---|---|---|---|---|
| | ബജറ്റ് വിഹിതം (രൂപ) | അഡീഷണൽ ഗ്രാന്റ് (രൂപ) | ചെലവഴിച്ച തുക (രൂപ) | ബജറ്റ് വിഹിതം (രൂപ) | അഡീഷണൽ ഗ്രാന്റ് (രൂപ) | ചെലവഴിച്ച തുക (രൂപ) |
| 2016-17 | 64,82,000 | 22,18,000 | 87,00,000 | 9,97,000 | - | 5,50,000 |
| 2017-18 | 74,54,000 | 18,00,000 | 92,54,000 | 10,96,000 | - | 7,75,000 |
| 2018-19 | 78,26,000 | 17,80,000 | 96,06,000 | 11,50,000 | - | 11,50,000 |
| 2019-20 | 84,52,000 | - | 84,52,000 | 12,65,000 | - | 7,78,000 |
| 2020-21 | 76,06,000 | 8,00,000 | 84,06,000 | 11,38,000 | - | 6,63,366 |